"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ:DT/3766/2024-C1-Part(1)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 03-09-2024

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - ഐടിഐ അഡ്മിഷൻ 2024 - സർക്കാർ/SCDD/STDD/സ്വകാര്യ ഐടിഐകളിലെNCVT ട്രേഡുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട ഷെഡ്യൂൾ പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:- 1. DGT യിൽ നിന്നുള്ള 03/05/2024 ലെ DGT-Aff011/1/2023-O/o DIR (TC) - Part (2) - 63756 നമ്പർ കത്ത്

2. അഡീഷണൽ ഡയറക്ടറുടെ 31082024 ലെ നമ്പർ നടപടിക്രമം

3.DGT യിൽ നിന്നുള്ള 02/09/2024 ലെ DGT-Aff011/1/2023-O/o DIR (TC) - Part (2) - 63756 നമ്പർ കത്ത്

*************

2024-25/26 പരിശീലന വർഷത്തിലെ ഐടിഐ പ്രവേശനവുമായി ബന്ധപ്പെട്ട്, സൂചന ഒന്ന് പ്രകാരം DGT പുറപ്പെടുവിച്ചിരുന്ന പരിശീലന കലണ്ടർ അടിസ്ഥാനമാക്കി, സൂചന രണ്ടിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തിലെ സർക്കാർ, സ്വകാര്യ പട്ടികജാതി/പട്ടികവർഗ്ഗ ഐ.റ്റി.ഐകളിലെ അഡ്മിഷൻ ക്ലോസിംഗ് നടത്തുന്നതിനുള്ള സമയക്രമം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 2024 വർഷത്തെ ഐ.റ്റി.ഐ പ്രവേശനത്തിനുള്ള അവസാന തീയതി 30.09.2024 വരെ ദീർഘിപ്പിച്ചിട്ടുള്ളതായി സൂചന മൂന്നിലെ കത്ത് (പകർപ്പ് ഉൾക്കൊള്ളിക്കുന്നു) പ്രകാരം DGT-ൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിലെ എല്ലാ സർക്കാർ, സ്വകാര്യ പട്ടികജാതി/പട്ടികവർഗ്ഗ ഐ.റ്റി.ഐകൾക്കും 30.09.2024-വരെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം തുടരാവുന്നതാണ്. 02.09.2024-ൽ പുതിയ പരിശീലന വർഷത്തിലെ ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ അധികം പരിശീലന ദിവസങ്ങൾ നഷ്ടപ്പെടാത്ത വിധത്തിൽ ഒഴിവുള്ള സീറ്റുകളിലേക്കു അടിയന്തിരമായി അഡ്മിഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയ്ക്ക് :**

2024 വർഷത്തെ അഡ്മിഷൻ ക്ലോസിംഗുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്ന നിബന്ധനകൾക്ക് വിധേയമായി അഡ്മിഷൻ ക്ലോസിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം പിന്നാലെ അറിയിക്കുന്നതാണ്.

**ഓഫ്‌ലൈൻ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച് :**

ഓഫ്‌ലൈൻ അപേക്ഷ ക്ഷണിക്കുന്നതിന് സത്യവാങ്മൂലം ഉൾപ്പെടെ ശുപാർശ സമർപ്പിക്കുകയും ഇതിനോടകം അനുമതി ലഭിക്കുകയും ചെയ്ത കൊല്ലം (വ), തുറവൂർ, രാജാക്കാട്, കട്ടപ്പന, മലമ്പുഴ, പള്ളിപ്പാട്, ചാലക്കുടി (വ), ചിത്തിരപുരം, പള്ളിക്കത്തോട്, തിരുവാർപ്പ്, നെന്മേനി (വ), ചാക്ക, പീലിക്കോട്, കുഴൽമന്ദം, പുറക്കാട്, എല്ലമ്പലാശ്ശേരി, കൽപ്പറ്റ, മലമ്പുഴ, ഏറ്റുമാനൂർ, വേങ്ങര, മാള, കഴക്കൂട്ടം (വ), വെള്ളമുണ്ട, പള്ളിപ്പാട്,ചെറിയമുണ്ടം, കളമശ്ശേരി, കളമശ്ശേരി (വ), ചെങ്ങന്നൂർ (വ), കോഴിക്കോട് (വ), കഞ്ഞിക്കുഴി, പാറശ്ശാല (വ), വെസ്റ്റ് എളേരി (വ), ചങ്ങനാശ്ശേരി (വ), കോടംബേളൂർ, കയ്യൂർ, കുറുമാത്തൂർ, കുളത്തൂപ്പുഴ, മടിക്കൈ, ആരക്കുഴ, പെരുവ, ഏലപ്പാറ, മെഴുവേലി (വ), കരുണാപുരം, പിണറായി, താഴേക്കോട് (വ), ആര്യനാട്, മലയിൻകീഴ് ഐടിഐകളിൽ

ഇനിയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പക്ഷം പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് 30/09/2024 വരെ ഓഫ്‌ലൈൻ അപേക്ഷകൾ ക്ഷണിക്കാവുന്നതാണ്. ഓഫ്‌ലൈൻ അപേക്ഷ ക്ഷണിക്കുന്നതിനു മുൻകൂർ അനുമതി തേടിയിട്ടില്ലാത്ത പ്രിൻസിപ്പാൾമാർ ഇതിനായുള്ള അപേക്ഷ 09/08/2024-ൽ ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള DT/3610/2024-സി1 നമ്പരായ ചുറ്ററിയിപ്പിലെ വ്യവസ്ഥകൾ പ്രകാരമുള്ള സത്യവാങ്മൂലം സഹിതം cru.dttvpm@kerala.gov.in മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ഐ.റ്റി.ഐ പ്രവേശനത്തിനുള്ള അവസാന തീയതിയായ 30.09.2024-നു ശേഷം ലഭിക്കുന്ന അപേക്ഷകൾ, അപേക്ഷ ഫീസ് എന്നിവ ഒരു കാരണവശാലും പരിഗണിക്കാൻ പാടുള്ളതല്ല.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :-

1. എല്ലാ പ്രിൻസിപ്പാൾമാർക്കും (സർക്കാർ/SCDD /STDD/പ്രൈവറ്റ്)
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക്

3.അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥർക്ക്

പകർപ്പ് :-

1. ഡയറക്ടർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
2. വകുപ്പ് വെബ് സൈറ്റിലേക്ക്
3. മാനേജർ ഇ-ഗവേണൻസ്, ഐ ടി സെൽ ( ഐടിഐകൾക്ക് ഡാറ്റ എൻട്രി ജോലികൾക്കായി ജാലകം പോർട്ടൽ open ആക്കേണ്ടതാണ് )